ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ ആനക്കയത്ത് ഉപയോഗ യോഗ്യമല്ലാതെ കിടക്കുന്ന കൃഷി വകുപ്പിന്റെ സീഡ് സ്റ്റോർ നന്നാക്കി കൃഷിഭവൻ മാറ്റാൻ ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

കൃഷി ഭവനുകളിലെ ഒഴിവുകൾ നികത്താൻ നടപടി

32 [1963] ശ്രീ. ലോനപ്പൻ നമ്പാടൻ:
പ്രൊഫസർ മീനാക്ഷി തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷി ഭവനുകളുണ്ട്; ഇവയിലാകെ എത്ര കൃഷി അസിസ്റ്റന്റുമാരുണ്ട്;

(ബി) കൃഷി അസിസ്റ്റന്റുമാരില്ലാത്ത കൃഷി ഭവനുകൾ സംസ്ഥാനത്ത് എത്രയുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) പി. എസ്. സി. വഴി പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1048 കൃഷി ഭവനുകളുണ്ട്. 3075 കൃഷി അസിസ്റ്റന്റുമാരുണ്ട്.

(ബി) കൃഷി അസിസ്റ്റന്റുമാർ ആരുമില്ലാത്ത കൃഷി ഭവനുകളില്ല.

(സി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നാഷണൽ വാട്ടർഷെഡ് ഡെവലപ്മെന്റ്

33 [1964] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. കെ. അബു:
,, പി. വി. മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് അനുസരിച്ച് എന്തെല്ലാം ജോലികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിന് എത്ര ശതമാനമാണ് കേന്ദ്ര ഗവൺമെന്റ് സഹായം;

(സി) നടപ്പുവർഷം എന്തു തുക ചെലവാക്കി;

(ഡി) ഈ പദ്ധതി സംസ്ഥാനത്തിലെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly